(ബി) 128.30 ലക്ഷം രൂപ അനുവദിച്ചു. 99 ലക്ഷം രൂപ ചെലവായി. 134 ലക്ഷം രൂപകൂടി വേണ്ടിവരും.

(സി) ഈ സെക്ഷനിൽ അതായത് 182/2 മുതൽ 202/0 കി.മീ. വരെയുള്ള ഭാഗത്ത് ബിറ്റുമിനസ് മക്കാഡം ജോലി ഒഴികെയുള്ള പണികളും തീർന്നിട്ടുണ്ട്. എല്ലാം പൂർത്തിയാകാൻ ഏകദേശം മൂന്നു കൊല്ലംകൂടി വേണ്ടിവരും.

അറക്കുന്നു കടവിൽ പാലം പണിയുന്നതിനുള്ള നടപടികൾ

727 [1062] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര—മാരായമുട്ടം റോഡിൽ അറക്കുന്നു കടവിൽ പാലം പണിയുന്നതിനുള്ള നടപടികൾ എത്ര കണ്ടു പുരോഗമിച്ചു;

(ബി) അതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞോ;

(സി) ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കും പാലം പണിക്കും ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുവാൻ ശ്രമിക്കുമോ?

ഉത്തരം

(എ, ബി, & സി) ഇതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 100 രൂപയുടെ സൂചനാ വിഹിതം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പാലം പണി തുടങ്ങുംമുമ്പ് ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ, എസ്റ്റിമേറ്റ് ഇവ തയ്യാറാക്കൽ തുടങ്ങിയ നടപടികൾ പൂർത്തിയാകണം.

വടശ്ശേരിക്കോണം—പാലാംകോണം റോഡ്

728 [1063] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ബഡ്ജറ്റിൽ തുക കൊള്ളിച്ചിരുന്ന വടശ്ശേരിക്കോണം—പാലാംകോണം റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ ഈ സാമ്പത്തിക വർഷത്തിൽ എന്തെങ്കിലും ചെയ്യുകയുണ്ടായിട്ടുണ്ടോ?

ഉത്തരം

പ്രസ്തുത ജോലിക്ക് ആവശ്യമായ എസ്റ്റിമേറ്റ് നിലവിലുള്ള നിരക്കനുസരിച്ച് പുതുക്കി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ഗവൺമെന്റ് ഏറ്റെടുത്ത റോഡുകളുടെ പണി

729 [1064] ശ്രീ. പി. സീതി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ഗവൺമെന്റ് ഏറ്റെടുത്ത ഏതെല്ലാം റോഡുകളുടെ പണി തുടങ്ങുന്നതിന് കോൺട്രാക്ടർ വിളിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കൊല്ലം ജില്ല:
പട്ടംതറ—ഒട്ടത്തേക്കു റോഡ്.
ഐവർകാല—കുന്നത്തൂർ റോഡ്.

ആലപ്പുഴ ജില്ല:
ഒറപ്പുന്നം—താവണകടവ് റോഡ്.
കുമ്പളന്താനം—റാന്നി റോഡ്.

എറണാകുളം ജില്ല:
തമ്മാണിമറ്റം—കുടുംപനാട് റോഡ്.

ഇടുക്കി ജില്ല:
രാജക്കാട്—പൊൻമുടി റോഡ്
തൂക്കുപാലം—കമ്പമ്മേടു റോഡ്.

പാലക്കാട് ജില്ല:
മങ്ങാട് റോഡ്
പട്ടഞ്ചേരി റോഡ്.

കണ്ണൂർ ജില്ല:
കാവ്വായി പാലത്തിലേക്കുള്ള അപ്രോച്ച് റോഡ്—ചപ്പാരപ്പടവ്-പൂവം റോഡ്.

കോട്ടയം ജില്ലയിലെ വിവരം ലഭിച്ചിട്ടില്ല. (തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ റോഡുകളുടെ കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്).

റോഡുകൾ പുതുക്കി പണിയുന്നതിന് ചെലവായ തുക

730 [1065] ശ്രീ. തോമസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കം മൂലം നഷ്ടമുണ്ടായ റോഡുകൾ പുതുക്കി പണിയുന്നതിന് എന്തു ചെലവായി;

(ബി) ഓരോ ജില്ലയ്ക്കും എന്തു തുക വീതം ചെലവായി?

ഉത്തരം

(എ) 111.85 ലക്ഷം രൂപ

(ബി) ജില്ല തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. മരാമത്തു വകുപ്പ് ഡിവിഷൻ പ്രകാരം താഴെ കാണും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly